വൈദ്യുതി ഉല്പാദനത്തിനാവശ്യമായ കാറ്റാടി യന്ത്രങ്ങൾ

6 (4588) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്, ഇടുക്കി ജില്ലകളിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും വൈദ്യുതി ഉല്പാദനത്തിനായി സ്ഥാപിച്ചിട്ടുള്ള കാറ്റാടി യന്ത്രങ്ങൾ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ മേഖലയിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥാവകാശം ആർക്കെല്ലാമാണെന്ന വ്യക്തമാക്കുമോ ;

(സി) കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് ഭൂമി പാട്ടത്തിനെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് എത്രവീതമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ആദിവാസികളിൽ നിന്നും ഭൂമിയെടുത്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പാലക്കാട്, ഇടുക്കി ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള കാറ്റാടി യന്ത്രങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

പാലക്കാട് ജില്ല

1. കഞ്ചിക്കോട് -9 എണ്ണം (കെ.എസ്.ഇ.ബി. മുഖാന്തരം)

2. അട്ടപ്പാടി -31 എണ്ണം (സ്വകാര്യ സംരംഭം)

ഇടുക്കി ജില്ല

രാമക്കൽമേട് -19 എണ്ണം (സ്വകാര്യ സംരംഭം)

(ബി) സ്വകാര്യ മേഖലയിലുള്ള സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. ഇടുക്കി ജില്ലയിലെ പാറത്തോട് വില്ലേജിലെ 149.10.53 ഹെക്ടർ സ്ഥലം കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കാനായി അനെർട്ടിന് പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ ആദിവാസികളിൽ നിന്നും ഭൂമി ഏറ്റെടുത്തിട്ടില്ല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly